# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1412 — 22.03.2013 ലെ മറുപടിക്ക്

## പ്രവാസി ഭാരതീയ ദിവസ് പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) സംസ്ഥാനത്ത് നടന്ന പ്രവാസി ഭാരതീയ ദിവസ് പരിപാടിയിൽ പ്രവാസി ക്ഷേമ വുമായി ബന്ധപ്പെട്ട് എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്തത്; വിശദമാക്കുമോ: | (എ) യും (ബി) യും | കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ജനുവരി 7 മുതൽ 9 വരെ കൊച്ചിയിൽ നടത്തിയ പ്രവാസി ഭാരതീയ ദിവസ് പരിപാടിയിൽ പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.<br>1) വിദേശത്തുള്ള പ്രവാസി ഇന്ത്യാക്കാർ<br>2) നൈപുണ്യ വികസനം<br>3) ശാസ്ത്ര മേഖല<br>4) ടൂറിസം<br>5) യുവജനങ്ങളുമായുള്ള സംവാദം<br>6) ഇന്ത്യയുടെ വികസനം അവസരങ്ങൾ<br>7) പ്രവാസി ഭാരതീയ നിക്ഷേപം - സുരക്ഷിത അന്തരീക്ഷം<br>8) സാമ്പത്തിക വളർച്ച - രണ്ടാം തലമുറയെ ഉൾപ്പെടുത്തൽ.<br>9) ഗദ്ദാർ പ്രസ്ഥാനം സംബന്ധിച്ച പ്രഖ്യാപനം |
| (ബി) ഇതിൽ എന്തെല്ലാം നിർദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ; | | |

| | | |
|---|---|---|
| | | ജനുവരി 9-ാം തിയതി നടന്ന സ്റ്റേറ്റ് സെഷനിൽ പ്രവാസി മലയാളികളെ സംബന്ധിച്ച എല്ലാവിഷയങ്ങളും, നിക്ഷേപ സാധ്യതകൾക്ക് പ്രാമുഖ്യം നൽകികൊണ്ട് ചർച്ച ചെയ്യുന്നതിന് അവസരം ഒരുക്കിയിരുന്നു. പ്രസ്തുത സെഷനിൽ മുഖ്യമന്ത്രിയും, കേന്ദ്ര പ്രവാസികാര്യ മന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും പങ്കെടുത്ത് പ്രവാസി മലയാളികളുമായി ആശയ വിനിമയം നടത്തുകയും, അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തിരുന്നു. പ്രവാസികൾ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ പദ്ധതി ആവിഷ്കരണത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) പ്രവാസി ഭാരതീയ ദിവസ് പരിപാടിയുടെ സംഘാടനത്തിനായി സർക്കാർ എന്തു തുക ചിലവഴിച്ചു; വെളിപ്പെടുത്താമോ ? | (സി) | പ്രവാസി ഭാരതീയ ദിവസ് പരിപാടി സംഘടിപ്പിക്കുന്നതിനായി നീക്കിവച്ചിരുന്ന 2 കോടി രൂപ മുഴുവനായും ചെലവഴിച്ചു. ഏതാനും ചില ഇനങ്ങൾക്ക് ചെലവായ തുക ഇനിയും തീർപ്പാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ